# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4110    16.03.2017 -ലെ മറുപടി

## പമ്പ ഇറിഗേഷൻ പ്രോജക്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ പതിനായിരക്കണക്കിന് ജനങ്ങൾക്ക് വെള്ളമെത്തിക്കുന്നതും പതിനായിരക്കണക്കിന് ഹെക്ടർ നെൽപ്പാടങ്ങളിൽ ജലസേചന സൗകര്യം എത്തിക്കുന്നതുമായ പമ്പ ഇറിഗേഷൻ പ്രോജക്ട് എന്ന് കമ്മീഷൻ ചെയ്ത പദ്ധതിയാണ്; | (എ) പമ്പ ഇറിഗേഷൻ പ്രോജക്ട് 1993-ൽ കമ്മീഷൻ ചെയ്തു. |
| (ബി) പ്രസ്തുത പദ്ധതിയിലുള്ള കനാലുകളുടെ ആകെ നീളം എത്രയാണെന്നും വർഷംതോറും എത്ര അളവിൽ വെള്ളം എത്തിക്കുന്നുവെന്നും ഏതുമാസം മുതൽ ഏതു മാസം വരെയാണ് കനാലിലൂടെ വെള്ളം എത്തിക്കുന്നതതെന്നും വിശദമാക്കുമോ; | (ബി) പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാലും ശാഖകളും ഉപശാഖകളും കൂടി ആകെ 535 കി.മീ.ദൈർഘ്യമുണ്ട്. ഓരോ വർഷവും 300 മില്ല്യൺ ഘനമീറ്റർ വെള്ളം ലഭ്യമാക്കുന്നുണ്ട്. സാധാരണയായി എല്ലാ വർഷവും നവംബർ മുതൽ മെയ് പകുതിവരെയാണ് കനാലിൽ കൂടി വെള്ളം തുറന്നു വിടുന്നത്. |
| (സി) പ്രസ്തുത പദ്ധതിയുടെ മെയിൻ കനാൽ ഇക്കഴിഞ്ഞ മാസം പൊട്ടിയതിനെ തുടർന്നുണ്ടായ നഷ്ടത്തിന്റെ തോത് കണക്കാക്കിയിട്ടുണ്ടോ; ആയത് പൊട്ടാനിടയായ സാഹചര്യം എന്തെന്ന് പരിശോധിക്കുകയുണ്ടായോ; ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) ഉണ്ട്. പൊട്ടിയ കനാലിന്റെ ഭാഗം പുനർ നിർമ്മിക്കുവാൻ 28 ലക്ഷം രൂപയുടെ കരാർ നല്കി പ്രവൃത്തി നടന്നു വരുന്നു. കനാൽ പൊട്ടാനുള്ള സാഹചര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വളരെ പഴക്കം ചെന്ന ഇടതുവശത്തെ കനാൽ ബണ്ട് (ഇരുവശവും റബിൾ പിച്ചിംഗ് ചെയ്തത്) 25 മീറ്റർ നീളത്തിലും ഏകദേശം 12 മീറ്റർ ആഴത്തിലും പൊട്ടി പൊളിഞ്ഞു പോയിട്ടുണ്ട്. പൊട്ടിയ ഭാഗത്തെ കനാൽ മണ്ണിട്ടുയർത്തി നിർമ്മിച്ചിട്ടുള്ളതാണ്. കനാലിന്റെ പുറംഭാഗങ്ങൾ നിശ്ചിത ചരിവിൽ മണ്ണിട്ടുറപ്പിച്ചിട്ടുള്ളതാണ്. കനാലിനോട് ചേർന്ന് തൊട്ടുതാഴെയായി ഒരു തോട് പോകുന്നുണ്ട്. കനാലിൽനിന്നുള്ള വെള്ളം ഈ തോട്ടിലേക്ക് ഊർന്നിറങ്ങി കനാലിന്റെ സൈഡിലെ മണ്ണ് |

ഇടിഞ്ഞു താഴ്ന്നും കാലപ്പഴക്കം മൂലം കനാലിൽ കൂടിയുള്ള ചോർച്ച വർദ്ധിച്ചതും മൂലമാണ് കനാലിന്റെ വശങ്ങൾ പൊട്ടി പൊളിഞ്ഞത്.

(ഡി) അരനൂറ്റാണ്ടിനു മുൻപ് നിർമ്മിച്ച ഈ പദ്ധതിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; കഴിഞ്ഞ പതിനഞ്ചു വർഷത്തിനിടെ ഓരോ വർഷവും ഇതിന്റെ അറ്റകുറ്റപ്പണിക്കായി ലഭിച്ചതും ചെലവഴിച്ചതുമായ തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ഡി) ബഡ്ജറ്റിലനുവദിക്കുന്ന തുകയ്ക്കനുസരിച്ച് കനാലുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്താറുണ്ട്. മുൻ വർഷങ്ങളിൽ കനാലുകളുടെ വാർഷിക അറ്റകുറ്റ പണികൾക്കുവേണ്ടി ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തിയിരുന്നു. ആയത് കനാലിന്റെ അറ്റകുറ്റ പണികൾക്കുവേണ്ടി ചിലവാക്കിയിട്ടുണ്ട്.

വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ഇ) സമയാസമയങ്ങളിൽ കനാലുകളുടെ അറ്റകുറ്റപ്പണി നിർവ്വഹിക്കാത്തതുമൂലവും കനാലുകളുടെ വശങ്ങളിൽ ഉണ്ടാകുന്ന കാടുകൾ യഥാസമയം വെട്ടിനീക്കാത്തതു മൂലവും കനാലുകൾക്ക് ചോർച്ചയും അതുവഴി ജലനഷ്ടത്തിനും കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി PIP യുടെ മെയിന്റനൻസിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

(ഇ) ബഡ്ജറ്റിൽ ഓരോ വർഷവും അനുവദിക്കുന്ന തുക കനാലുകളുടെ വാർഷിക അറ്റകുറ്റ പണികൾ നടത്തുവാൻ തികയാതെ വരുന്നതിനാൽ അറ്റകുറ്റ പണികൾ നടത്താത്ത കനാലുകളിൽ കൂടി ചോർച്ചയുണ്ടാകാറുണ്ട്. മുൻ വർഷങ്ങളിൽ കനാലുകളിലൂടെയുള്ള ജലവിതരണത്തിനു മുമ്പായി ബഡ്ജറ്റിൽ അനുവദിക്കുന്ന തുക വിനിയോഗിച്ചുകൊണ്ട് കനാലിന്റെ വശങ്ങളിൽ ഉണ്ടാകുന്ന കാടുകൾ വെട്ടിമാറ്റാറുണ്ട്. ഈ വർഷം തൊഴിലുറപ്പുപദ്ധതിമുഖേനയാണ് കാടുകൾ വെട്ടിത്തെളിച്ചത്. PIP യുടെ മെയിന്റനൻസിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളുടെ അറ്റകുറ്റപ്പണികൾക്ക് കഴിഞ്ഞ 15 വർഷം ലഭിച്ച ബഡ്ജറ്റ് വിഹിതവും ചെലവാക്കിയ തുകയും.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം(ലക്ഷം) | ചെലവായ തുക(ലക്ഷം) |
|---|---|---|
| 2002-03 | ബഡ്ജറ്റ് ബുക്ക് ലഭ്യമല്ല | 154.37 |
| 2003-04 | ബഡ്ജറ്റ് ബുക്ക് ലഭ്യമല്ല | 263.51 |
| 2004-05 | 219 | 722.64 |
| 2005-06 | 237 | 190.48 |
| 2006-07 | 236 | 274.23 |
| 2007-08 | 304 | 169.40 |
| 2008-09 | 304 | 337.41 |
| 2009-10 | 310 | 291.87 |
| 2010-11 | 340 | 431.68 |
| 2011-12 | 340 | 291.89 |
| 2012-13 | 400 | 370.80 |
| 2013-14 | 460 | 389.80 |
| 2014-15 | 400 | 377.86 |
| 2015-16 | 400 | 443.97 |
| 2016-17 | 400 | 139.96 |

സെക്ഷൻ ഓഫീസർ